THE VILLAGE
INTERNATIONAL SCHOOL
"We Nurture Dreams"
AIM HIGH, TOGETHER WE FLY

ഓണമുറ്റത്ത്

# ANSWER KEY

**1.**മുറ്റം
**2.**ഭംഗി
**3.**പ്രഭാതം
**4.**രാജാവ്
**5.**സ്വർണ്ണം
**6.**ധാന്യമണി
**7.**ഉറപ്പിക്കുക
**8.**പൂവ്
**9.**പുതു വസ്ത്രം
**10.**അഭിമാനം
**11.**തള്ളുക
**12.**ഒഴിയുക
**13.**അറ്റ
**14.**അപ്രിയം
**15.**അപരിഷ്കൃതം

**16.**വൈലോപ്പിള്ളി ശ്രീധരമേനോന്റെ ഓണമുറ്റത്ത് എന്ന കവിതയിൽ കേരളത്തിലെ പ്രകൃതി എങ്ങനെ മാവേലിമന്നനെ വരവേൽക്കാൻ ഒരുങ്ങുന്നു എന്നും പുതിയ തലമുറയ്ക്ക് ഓണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പറഞ്ഞുകൊടുക്കുകയും ചെയ്യുന്നു. മലയാളനാട് ഓണത്തെ വരവേൽക്കുന്നത് എങ്ങനെയെന്ന് പ്രകൃതി വർണ്ണനയിലൂടെ കവി വ്യക്തമാക്കുന്നു. തുമ്പകൾ മഴ കൊണ്ടാലും മലർക്കൂട നിറച്ച് മേടുകൾ തോറും വിറച്ച നിൽക്കുന്നു  നറു മുക്കുറ്റികൾ തിരികൾ തെറുത്ത് കൊളുത്താൻ ദീപക്കുറ്റികളുമായി കാത്തിരിക്കുന്നു. നെയ്യാമ്പലുകളാകട്ടെ വെള്ളിത്താലത്തിന്റെ നടുക്ക് എരിയുന്ന പൊൻ കിഴിയുമായി പാടങ്ങളുടെ നടുവിൽ ഉറങ്ങാതിരിക്കുന്നു. രാത്രി നിലാവാകുന്ന കമുകിൻ പൂവരി തൂകി ഭംഗിയിൽ എതിരേറ്റു നിൽക്കുന്ന വഴിയെ ഓണത്തപ്പൻ എഴുന്നള്ളുന്നു. ഇങ്ങനെയാണ് കവി ആ രംഗം വർണ്ണിക്കുന്നത്. ചിങ്ങമാസം ആകുമ്പോഴേക്കും പ്രകൃതിക്കും സസ്യജാലങ്ങൾക്കും ഉണ്ടാകുന്ന മാറ്റത്തെയാണ് കവി സൂചിപ്പിക്കുന്നത്

**17.** ഓണവുമായി ബന്ധപ്പെട്ട പുള്ളുവൻ പാട്ടിന്റെ പഴമയുടെ പ്രൗഢിയും പുതുമയുടെ അവജ്ഞയും കവി ഇവിടെ ആവിഷ്കരിക്കുന്നു.

പായും കുടയും നെയ്തും പല കൈവേലകൾ ചെയ്തും കഴിഞ്ഞിരുന്നവനാണ് പുള്ളുവൻ. പുഞ്ചക്കൊയ്ത്തിന്റെ കാലമാകുമ്പോൾ കറ്റമെതിച്ചുകിതക്കുന്ന ഗ്രാമീണപ്പെൺകൊടിമാരുടെ കരളു തുള്ളാനും കാലുകൾ നർത്തനകേളിയാടാനും മനോഹരമായ നാടൻ പാട്ടുകൾ പാടി വീണപ്പെണ്ണുമായി അയാൾ അവരുടെ അരികിൽ ഇരിക്കും. ഒന്ന് മുറുക്കാനോ കൊറിക്കാനിത്തിരി നെല്ലോ കിട്ടിയാൽ ആയി.

ഓണക്കാലത്തുണരുന്ന പുള്ളുവൻ പാടുന്നത് തിരുവോണ പാട്ടുകളാണ്. തിരുവോണത്തപ്പൻ പൂത്തറമേൽ ഓലക്കുടയും ചൂടിയിരിക്കുമ്പോൾ അയാൾ മലയാള

തറവാട്ടുമുറ്റത്തെ വെള്ളമണലിലിരിക്കും. അയാളുടെ കയ്യിൽ പ്രിയ മകളാകുന്ന വീണപ്പെണ്ണ് കിടപ്പുണ്ടാകും. പരിഷ്കാരത്തിന്റെ തിണ്ണയിൽ ഉള്ളവർ പല്ല് കൊഴിഞ്ഞ ഒരു പാട്ടാണ് ഇതെന്നു പരിഹസിച്ചേക്കാം. മാത്രമല്ല പഴമോ അരിയോ പപ്പടമോ തന്ന് വേഗം പറഞ്ഞയക്കാൻ നോക്കാം. പുള്ളുവന്റെ അഭിമാനം എന്തെന്ന് ഇവർ അറിയുന്നില്ല.

പണ്ട് ഓണക്കാലമാവുമ്പോൾ പുള്ളുവൻ വീണയുമായി പാട്ടുപാടുവാനെത്തുന്നത് കാത്ത് ആളുകൾ ഇരിക്കുമായിരുന്നു. ഇന്നും പുള്ളുവന് മാറ്റമൊന്നും ഉണ്ടായിട്ടില്ല.ഓണക്കാലമാവുമ്പോൾ അയാൾ വീണയുമായി വീടുകളിൽ എത്തും.പരിഷ്കാരികളായ പുതിയ തലമുറയ്ക്ക് അയാളുടെ പഴയ പാട്ടുകൾ ഇഷ്ടമല്ല. അവർ പരിഹസിച്ച് എന്തെങ്കിലും കൊടുത്തയാളെ പറഞ്ഞയക്കും.

**18.** "മാവേലി നാടുവാണീടും കാലം മനുഷ്യരെല്ലാരും ഒന്നുപോലെ" എന്നു തുടങ്ങുന്ന ഓണപ്പാട്ടും ഒരുമയുടെയും സമഭാവനയുടെയും സന്തോഷമാണ് നൽകുന്നത് ആണ്ടുതോറും ചിങ്ങമാസത്തിലെ തിരുവോണനാളിനായി മലയാളികൾ കാത്തിരിക്കുന്നു മലയാളികൾ എവിടെയാണെങ്കിലും അന്ന് ഒത്തുചേരാനും ആഘോഷിക്കുവാനും മറക്കാറില്ല

വീടുകളിൽ ഓണത്തിന് ആഘോഷത്തിമിർപ്പാണ്. ഓണക്കോടിയുടുത്ത്, ഓണസദ്യയുണ്ട്, ഓണക്കളിയിൽ മുഴുകി ആളുകൾ കഴിയുന്നത് ഓണത്തിന് മാത്രമുള്ള ഒരു പ്രത്യേകതയാണ്. എല്ലാവരും ഒരുമിക്കുന്നതിനും തുല്യതയോടെ കഴിയുന്നതിനുമുള്ള ഒരവസരമായി പഴമക്കാർ ഓണത്തെ കണ്ടിരുന്നു.

ഇന്നത്തെ സ്ഥിതി അതല്ല കുടുംബങ്ങളെല്ലാം അണു കുടുംബങ്ങളായി, ഔദ്യോഗികകൃത്യങ്ങൾക്കായി അന്യസ്ഥലത്തുള്ള വാസവും ഫ്ലാറ്റുകളിലെ ജീവിതവും ഈ ഒരുമയും സമഭാവനയും ഇല്ലാതാക്കിയിരിക്കുന്നു. പഴയ പൂക്കളത്തിന്റെ സ്ഥാനം പ്ലാസ്റ്റിക് പൂക്കൾ അപഹരിച്ചിരിക്കുന്നു. സദ്യവട്ടങ്ങൾ ഒരുക്കാൻ മെനക്കെടാതെ ഹോട്ടലുകളെ അഭയം പ്രാപിക്കുന്നു. ഓണക്കളിക്ക് പോകാതെ ടെലിവിഷന്റെയും കമ്പ്യൂട്ടറിന്റെയും മുമ്പിൽ ആളുകൾ ചടഞ്ഞു കൂടിയിരിക്കുന്നു. ഇങ്ങനെ ഓണത്തെക്കുറിച്ചുള്ള പഴയ സന്ദേശം വർത്തമാനകാലത്ത് അപ്രസക്തമായിരിക്കുന്നു